(ഡി) എത്ര കേസുകളിൽ കോടതി വെറുതെ വിട്ടു ;

(ഇ) രജിസ്റ്റർ ചെയ്തതിൽ രാഷ്ട്രീയ കൊലപാതക കേസ്സുകൾ എത്ര യെണ്ണം ഉണ്ടായിരുന്നു ;

(എഫ്) ഇതിൽ ഭരണമുന്നണിയിലെ നേതാക്കളുടെ ബന്ധുക്കൾ പ്രതി യായ എത്ര കേസുകൾ ഉണ്ട് ?

ഉത്തരം

(എ) 1486 കേസുകൾ രജിസ്റ്റർ ചെയ്തു.

(ബി) 1074 കേസുകളിൽ ചാർജ് ഷീറ്റ് ഫയൽ ചെയ്തിട്ടുണ്ട്.

(സി) 80 കേസുകളിൽ കോടതി ശിക്ഷിച്ചു.

(ഡി) 54 കേസുകളിൽ കോടതി വെറുതെവിട്ടു.

(ഇ) 46 രാഷ്ട്രീയ കൊലപാതക കേസ്സുകൾ ഉണ്ടായിരുന്നു.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

ആഭ്യന്തര വകുപ്പിന് മികച്ച ക്രമസമാധാന സംസ്ഥാനത്തിനുള്ള പുരസ്കാരം

39 (4645) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ കൊലപാതകങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായതായി സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; ജില്ല, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന ആഭ്യന്തര വകുപ്പിന് മികച്ച ക്രമസമാധാന സംസ്ഥാ നത്തിനുള്ള പുരസ്കാരം എത്ര പ്രാവശ്യം ലഭിച്ചു ; എപ്പോഴെല്ലാം ; വിശദമാ ക്കുമോ ;

(സി) എന്തെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത അവാർഡ് നൽകുന്നത്; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2001 മുതൽ 2009 വരെയുള്ള ക്രൈം ഇൻ ഇന്ത്യ പ്രസിദ്ധീകരണ കണക്കുപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ത്തിൽ കൊലപാതകക്കേസുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) സംസ്ഥാനത്ത് പൊതുവെയുള്ള ക്രമസമാധാനം, പൊതുജനസേവനത്തിനുള്ള പോലീസുകാരുടെ എണ്ണം, കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണത്തിലെ കുറവ്, കുറ്റകൃത്യങ്ങൾ യഥാസമയം റിപ്പോർട്ടു ചെയ്യുന്നതിനുള്ള സൗകര്യം, കൊല, തട്ടികൊണ്ടുപോകൽ, ബലാൽസംഗം, പീഡനം എന്നിവയിലുണ്ടായിട്ടുള്ള കുറവ് തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുത്ത് ഇന്ത്യയിലെ പ്രമുഖമായ ഒരു സ്വകാര്യ ഏജൻസി കേരളത്തെ മികച്ച ക്രമസമാധാനപാലനത്തിനുള്ള അവാർഡിനായി തെരഞ്ഞെടുക്കുകയുണ്ടായി.

ക്രൈം 375/10 നമ്പർ കേസിലെ പ്രതിക്കെതിരെ സ്വീകരിച്ച നടപടികൾ

40 (4646) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം 375/10 നമ്പരായി പാറശ്ശാല പോലീസ് രജിസ്റ്റർ ചെയ്ത കേസിലെ പ്രതിയായ ശ്രീ. ടി. എസ്. ബാലൻ എന്ന വ്യക്തിക്കെതിരെ ഏതൊക്കെ വകുപ്പിൽപ്പെടുത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ അന്വേഷണം പൂർത്തീകരിച്ച് എന്ന് ചാർജ്ജ് കൊടുക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ശ്രീ. ടി. എസ്. ബാലനെതിരെ മറ്റേതെങ്കിലും പോലീസ് സ്റ്റേഷനിൽ കേസ് ഉള്ളതായി അറിയാമോ ;

(ഡി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നും, ഏതൊക്കെ വകുപ്പുകളനുസരിച്ചെന്നും, ഏതൊക്കെ കേസുകളിലാണ് ടിയാനെ അറസ്റ്റ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ഇ) ശ്രീ. ടി. എസ്. ബാലൻ ഏതെങ്കിലും പത്ര/മാസിക പ്രസിദ്ധീകരണം നടത്തുന്നതായി അറിയാമോ ; ടി പത്ര/മാസികയിൽ ആരെയെങ്കിലും അപകീർത്തിപ്പെടുത്തുന്ന വാർത്ത പ്രസിദ്ധീകരിച്ചതായി ഏതെങ്കിലും പരാതി ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) അപകീർത്തിപ്പെടുത്തുന്ന രീതിയിൽ വാർത്ത നൽകിയ വകയിൽ ഏതെങ്കിലും കേസിൽ ടിയാനെ ശിക്ഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly.